ദുഃഖം ഘനീഭവിച്ചു നിൽക്കുന്ന ഒരന്തരീക്ഷത്തിൽ നിന്നും പെട്ടെന്ന് സന്തോഷകരമായ നിമിഷങ്ങളിലേക്ക് ഒരു കൂട്ടായ്മയെ കൂട്ടിക്കൊണ്ട് പോവുക അത്ര എളുപ്പമുള്ള ഒരു കാര്യമല്ല. അങ്ങനെ ഒരു വെല്ലുവിളിയെയാണ് പ്രിയപ്പെട്ട അരിത്തിന്റെ ഓർമ്മകൾ പങ്ക് വയ്ക്കാൻ കൂടിയ ദിവസം ടാലന്റഡ് ബാങ്കേഴ്സ് കൊല്ലം ചാപ്റ്ററിന് നേരിടേണ്ടി വന്നത്.
തീർച്ചയായും അത് ഒരു പ്രതിസന്ധി ഘട്ടം തന്നെയായിരുന്നു.
ആദ്യത്തെ ഒന്ന് രണ്ട് പരിപാടികൾ അന്തരീക്ഷത്തിന് ഒരയവ് വരുത്തിയെങ്കിലും ഒരു സുഖകരമായ അന്തരീക്ഷം സൃഷ്ടിക്കാനുള്ള ബാധ്യത ചെന്നുചേർന്നത് ഒരു യുവഗായകനിൽ ആണ്.
അടുത്തിടെ ടി ബി യുടെ വേദികളെ ഇളക്കി മറിക്കാറുള്ള ആ കലാകാരനിലൂടെ 2025ലെ അവസാന ദളം വിടരുന്നു.

സാംസൺ ബെൻഹർ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
എസ് എം ഇ സി, കൊല്ലം.

കരാട്ടെ പരിശീലകനായ കൊല്ലം സ്വദേശി ബെൻഹർ ബെഞ്ചമിന്റെയും വീട്ടമ്മയായ അമല ബെൻഹറിന്റെയും ഇളയ മകൻ.
സഹോദരൻ മാനുവൽ ബെൻഹർ ബിരുദപഠനത്തിന് ശേഷം പിതാവിനോപ്പം ചേർന്ന് കരാട്ടെ പരിശീലകനായി പ്രവർത്തിക്കുന്നു.
ബ്രൗൺ ബെൽറ്റ്കാരനായ സാംസണും ഇടക്കൊക്കെ പരിശീലകന്റെ വേഷം അണിയാറുണ്ട്.
കൊല്ലം നഗരത്തിൽ റയിൽവേ സ്റ്റേഷൻ പരിസരത്തുള്ള വീട്ടിൽ ആയിരുന്നു ബാല്യകാലം. കൂകിയെത്തുന്ന തീവണ്ടികൾ, ആളുകളുടെ ബഹളങ്ങൾ, കൽക്കരിയിൽ നിന്നും ഡീസലിലേക്കും പിന്നെ വൈദ്യുതിയിലേക്കും ഒക്കെ ഉള്ള റയിൽവേയുടെ മാറ്റങ്ങളെ ശബ്ദം കൊണ്ട് അനുഭവിച്ച സാംസണ് വേഗതാളങ്ങൾ സ്വായത്തമായതിൽ അത്ഭുതമില്ല.
നാലാം ക്ലാസ്സ് വരെ ക്രേവൻ ബേബിലാൻഡിൽ ആയിരുന്നു വിദ്യാഭ്യാസം. പ്ലസ് ടു വരെ കൊല്ലം ക്രിസ്തുരാജ് ബോയ്സ് ഹൈസ്കൂളിൽ. ഗണിതം ഐശ്ചികവിഷയമായി ചവറ ബേബിജോൺ മെമ്മോറിയൽ കോളേജിൽ നിന്നും ബിരുദം.സ്കൂളിലും കോളേജിലും എൻ സി സി യിൽ സജീവമായിരുന്ന സാംസൺ ആസ്സാമിലും ഗുജറാത്തിലും ഒക്കെ ദേശീയ ക്യാമ്പുകളിൽ പങ്കെടുത്തിട്ടുണ്ട്.
പഠനകാലത്ത് പാട്ടിനോ നൃത്തത്തിനോ ഒരു മത്സരങ്ങളിലും പങ്കെടുത്തിട്ടില്ല, പക്ഷേ അന്നും കൂട്ടുകാർ ആവശ്യപ്പെടുമ്പോൾ പാട്ട് പാടാനും കൂടെ ആളെ കൂട്ടാനും ഇളക്കിമറിക്കാനും ഒരു പ്രത്യേക കഴിവുണ്ടായിരുന്നു സാംസണ്.
കോളേജ് വിട്ട് ബാങ്ക് പരിശീലനത്തിന് തയാറെടുക്കുന്ന കാലത്ത് സർക്കാരിന്റെ സാങ്കേതികപരിശീല നവേദിയായ അസാപ്പിൽ പരിശീലനം നേടുകയും കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്തിരുന്നു.

ബാങ്ക് പരിശീലനം നേടി ഉടൻ തന്നെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ പ്രവേശനം ലഭിച്ചു. എടത്വ ശാഖയിൽ ആയിരുന്നു ആദ്യനിയമനം.
പിന്നീട് മാവേലിക്കര ആർ ബി ഓ യിൽ മാർക്കറ്റിംഗ് വിഭാഗത്തിലും അവിടെ നിന്നും നൂറനാട് ശാഖയിലേക്കും.
അവിടെ ജോലി ചെയ്യുമ്പോഴാണ് പ്രൊമോഷൻ ടെസ്റ്റ് എഴുതുന്നതും പ്രൊമോഷൻ നേടുന്നതും.
ട്രെയിനീ ഓഫീസർ ആയി നിയമനം ലഭിച്ചത് കൊല്ലം സ്മെക്കിൽ.
ഇപ്പോൾ പ്രൊബേഷനിൽ ആണ്. ഒരു കലാകാരൻ എന്ന അംഗീകാരം വന്നുചേർന്നത് ടി ബി വഴിയാണ് എന്നത് സാംസണ് ഏറെ സന്തോഷം പകരുന്നു.
ഹരിയും നമ്മുടെ മുൻകാലദളം ആര്യ രജതും ഒക്കെയാണ് സാംസണെ ടി ബി യിലേക്ക് കൂട്ടിയത്. ആദ്യത്തെ പ്രകടനം കോഴിക്കോട് മീറ്റിൽ കെ എസ് ഹരിശങ്കർ പാടിയ ദൂരെ... വെണ്മലയിൽ സൂര്യൻ... എന്ന ഗാനം പാടി ആയിരുന്നെങ്കിലും ശ്രദ്ധിക്കപ്പെട്ട പ്രകടനം കോട്ടയം മീറ്റിൽ ആയിരുന്നു. മഞ്ഞുമ്മൽ ബോയ്സ് എന്ന ചിത്രത്തിലെ കുതന്ത്ര തന്ത്ര മന്ത്രവുമായി എത്തിയ ഗായകനെ ഹർഷാരവത്തോടെ ടി ബി അംഗങ്ങൾ ഹൃദയത്തിലേറ്റി.
പിന്നീട് തിരുവനന്തപുരം മീറ്റിൽ മാത്രമല്ല, പല ചാപ്റ്റർ മീറ്റുകളിലും സാംസൺ തന്റെ പ്രകടനത്തിലൂടെ ആളുകളെ ഇളക്കിമറിച്ചു.
ആര്യയോട് സാംസണെക്കുറിച്ച് ചോദിക്കുമ്പോൾ പെട്ടെന്ന് വന്ന പ്രതികരണം അവൻ ഒരു വെടിമരുന്ന് ആണെന്നായിരുന്നു. ആര്യ തുടർന്നു.. ചിരിച്ച മുഖത്തോടെയല്ലാതെ അവനെ കണ്ടിട്ടില്ല. എത്ര ഉറക്കം തൂങ്ങിയിരിക്കുന്ന സദസ്സിനെയും ഇളക്കി മറിക്കാൻ കഴിയുന്ന എന്തോ ഒരു മാന്ത്രികവിദ്യ അവന്റെ കയ്യിലുണ്ട്. പാടാൻ തുടങ്ങിയാൽ അറിയാതെ തന്നെ കേട്ടിരിക്കുന്നവരും അവന്റെ കൂടെ പാടിയും ആടിയും ചേരും. അങ്ങനെ ഒരു കാന്തികവലയം സൃഷ്ടിക്കാൻ കഴിയുന്ന ഒരു കലാകാരൻ ആണ് സാംസൺ.
കൊല്ലം ചാപ്റ്റർ മീറ്റിൽ ഒരു കരോൾ ഗാനവുമായി എത്തി പങ്കെടുത്തവരെ ഉഷാറാക്കിയ ഗായകൻ പിന്നീട് സുന്ദരിയെ വാ... എന്ന ഗാനം പങ്കെടുത്ത എല്ലാവരെയും കൂടെ പാടിപ്പിച്ചു കൊണ്ട് ഒരിക്കൽ കൂടി തന്റെ ശൈലി പ്രകടമാക്കി.
റാപ്പ് ഗാനങ്ങളോടാണ് തനിക്ക് ഏറെ ഇഷ്ടം എന്ന് സാംസൺ.
2026 മേയിൽ വിവാഹിതനാവാൻ തയാറെടുക്കുന്ന ഈ യുവഗായകന് ഒരുപാട് മോഹങ്ങളുണ്ട്. നൃത്തം പഠിക്കണം, കാരാട്ടേയിൽ ബ്ലാക്ക് ബെൽറ്റ് നേടണം, പാട്ട് ശാസ്ത്രീയമായി പഠിക്കണം... അവയൊക്കെ സഫലീകരിക്കാൻ സാംസണ് കഴിയട്ടെ എന്ന് ടി ബി കുടുംബം ആശംസിക്കുന്നു.

---

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

English version: Arya Gayathry , State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം
----------------------------------------------------------------------------------------------------

Leading a gathering suddenly from an atmosphere thick with grief, into moments of joy is never an easy task. That was precisely the challenge we all faced during the Talented Bankers Kollam Chapter meet on the day we came together to share memories of our dear Arith. It was, without doubt, a moment of crisis.

While the first one or two performances helped ease the heaviness in the air, the responsibility of truly transforming the mood and creating a pleasant ambience ultimately rested on the shoulders of a young singer. This artist—who has recently been setting TB stages alight with his super-energetic voice — is presented as the last Talented Banker of the year 2025.

Samson Benhur
State Bank of India
SMEC, Kollam

Samson is the younger son of Benhur Benjamin, a karate trainer from Kollam, and Amala Benhur, a homemaker. His elder brother, Manual Benhur, after completing his graduation, started working alongside their father as a karate instructor. Samson himself, a brown belt holder, often steps into the role of a trainer.

He spent his childhood in a house near the Kollam railway station. The shrill whistles of arriving trains, the constant hum and hustle of rushing people, and the railway's evolution—from coal to diesel and eventually to electricity—were experiences he absorbed through variations in sound. It is hardly surprising that rhythm and pace became second nature to him.

His schooling up to the 4th standard was at Craven Babyland, followed by education till Plus Two at Krist Raj Higher Secondary School, Kollam. He pursued a degree in Mathematics at Baby John Memorial College, Chavara. An active NCC cadet during his school and college years, Samson participated in national camps held in Assam and Gujarat.

Interestingly, during his student days, he never took part in competitions related to singing or dance. Yet, even then, he had a unique ability—to sing on demand, attract people around him, and energise any gathering whenever friends asked him to. That knack for lifting spirits was evident from the very beginning.

After college, while preparing for banking examinations, he underwent training at ASAP, a government skill development initiative, and also worked there as a trainer for children. Soon he secured a position with the State Bank of India. His first posting was at the Edathua branch.

He later worked in the marketing division at Mavelikkara RBO, followed by a posting at the Nooranad branch. It was during his tenure there that he appeared for the promotion test and

earned his promotion. His appointment as a Trainee Officer came while working at SBI SMEC, Kollam, where he is currently serving his probation period. That his recognition as an artist came through TB is a source of immense joy for Samson.

Hari and our former TB Arya Rajath were instrumental in bringing Samson into the TB fold. His debut performance was at the Kozhikode meet, where he sang “Doore… Venmalayil Sooryan…” originally rendered by K. S. Harisankar. However, it was his performance at the Kottayam meet that truly drew widespread attention. When he took the stage with “Kuthanthra Thanthra Manthram” from the film Manjummel Boys, the TB members welcomed him with thunderous applause.

After that, from the Thiruvananthapuram meet onwards, and across several chapter meetings, Samson continued to electrify audiences with his performances.

When asked about Samson, Arya’s immediate response was: “He is pure gunpowder.” Arya elaborated further—she has never seen Samson without a bright smile. There is some kind of magic in him that can awaken even the most drowsy audience. Once he starts singing, listeners instinctively begin to sing and dance along with him. He is an artist capable of creating a powerfully attractive magnetic field around himself.

At the Kollam Chapter meet, he lifted spirits with a carol song, and later, with “Sundariye Vaa…”, he once again showcased his trademark style by getting everyone to sing along with him. Rap music, he says, is what he loves the most.

As this young singer prepares to enter married life in May 2026, he carries many dreams—learning dance, earning a black belt in karate, and receiving formal training in music... the list goes on. The entire TB family joins in wishing that all these dreams come true for Samson.